2025 SEPTEMBER
18
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## ചർച്ചകൾ പരാജയപ്പെടുമ്പോൾ
# ഇന്ത്യ കരുത്തിന്റെ പാത തിരഞ്ഞെടുക്കും



**ഹൈദരാബാദ് :** ഓപ്പറേഷൻ സിന്ദൂർ, 2016ലെ സർജിക്കൽ സ്ട്രൈക്ക്, 2019ലെ ബാലാക്കോട്ട് വ്യോമാക്രമണം എന്നിവ ബലഹീനതയല്ല മറിച്ച് ക്ഷമയാണ് ഇന്ത്യയുടെ ശക്തി എന്നതിന്റെ തെളിവാണെന്നും ചർച്ചകളിലൂടെ പരിഹാരം കണ്ടെത്താൻ കഴിയാതെ വരുമ്പോൾ ഇന്ത്യ കരുത്തിന്റെ പാത തിരഞ്ഞെടുക്കുമെന്നും കേന്ദ്രപ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ്. ഹൈദരാബാദിൽ നടന്ന വിമോചനദിന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ശക്തവും ദൃഢനിശ്ചയമുള്ളതുമായ പുതിയ ഇന്ത്യ സംഭാഷണങ്ങളിൽ വിശ്വസിക്കുന്നുണ്ടെങ്കിലും സമാധാനത്തിന്റേയും സൗഹാർദ്ദത്തിന്റേയും ഭാഷ മനസ്സിലാക്കാൻ പരാജയപ്പെടുന്നവർക്ക് തക്കതായ മറുപടി നൽകാൻ അറിയാമെന്നും അദ്ദേഹം വ്യക്തമാക്കി. പഹൽഗാമിൽ തീവ്രവാദികൾ അവരുടെ ആശയത്തിന്റെ അടിസ്ഥാനത്തിൽ നിരപരാധികളായ പൗരന്മാരെ കൊലപ്പെടുത്തിയപ്പോൾ, ഓപ്പറേഷൻ സിന്ദൂറിൽ ഇന്ത്യൻ സായുധ സേന അവരുടെ കർമ്മത്തിന്റെ അടിസ്ഥാനത്തിൽ പാകിസ്ഥാനിലേയും പാക് അധീന കശ്മീരിലേയും തീവ്രവാദികളെ കൊലപ്പെടുത്തുകയും അവരുടെ ഒളിത്താവളങ്ങൾ നശിപ്പിക്കുകയും ചെയ്തു.

വിജയകരമായ നിർവ്വഹണം നടപ്പിലാക്കിയ സായുധ സേനയുടെ വീര്യത്തിനും സമർപ്പണത്തിനും അംഗീകാരം നൽകിക്കൊണ്ട് ഓപ്പറേഷൻ നിർത്തിവച്ചിരിക്കുകയാണെന്നും അതിർത്തിക്കപ്പുറത്ത് നിന്ന് മറ്റൊരു ഭീകര പ്രവർത്തനം ആസൂത്രണം ചെയ്താൽ അത് പൂർണ്ണ ശക്തിയോടെ പുനരാരംഭിക്കുമെന്നും അദ്ദേഹം ആവർത്തിച്ചു. ഓപ്പറേഷൻ സിന്ദൂറിനിടെ വെടിനിർത്തൽ സംബന്ധിച്ച മൂന്നാം കക്ഷിയുടെ ഇടപെടൽ ഇന്ത്യ നിരസിച്ചുവെന്നും ഇന്ത്യയുടെ ആഭ്യന്തര വിഷയങ്ങളിൽ ഒരിക്കലും മൂന്നാം കക്ഷിക്ക് ഇടപെടാൻ കഴിയില്ലെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു. ഉത്തരേന്ത്യയേയും ദക്ഷിണേന്ത്യയേയും ഒന്നിപ്പിക്കുന്നതിൽ ഇന്ത്യയുടെ ഉരുക്കുമനുഷ്യൻ ആയ സർദാർ വല്ലഭായ് പട്ടേൽ വഹിച്ച പങ്കിനെ രാജ്നാഥ് സിംഗ് പ്രശംസിച്ചു. ഹൈദരാബാദ് വിമോചന ദിനവും പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജന്മദിനവും സെപ്റ്റംബർ 17 ന് ആണെന്ന് ചൂണ്ടിക്കാണിച്ച അദ്ദേഹം, സർദാർ പട്ടേലിനെപ്പോലെ നമ്മുടെ പ്രധാനമന്ത്രിയും ഇന്ത്യയെ സാംസ്കാരികമായും സാമൂഹികമായും ആത്മീയമായും സാമ്പത്തികമായും ശക്തിപ്പെടുത്തുന്നതിനായി പ്രവർത്തിക്കുന്നുവെന്നും പറഞ്ഞു. ഇന്ത്യ ഉടൻ തന്നെ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്വ്യവസ്ഥയായി മാറുമെന്ന് ആത്മവിശ്വാസം പ്രകടിപ്പിച്ചു. ഇന്ന് ഇന്ത്യ മറ്റാരുടേയും നിർദ്ദേശപ്രകാരം പ്രവർത്തിക്കുന്നില്ല, മറിച്ച് സ്വന്തമായി തിരക്കഥ എഴുതുകയാണെന്നും അദ്ദേഹം പറഞ്ഞു.

1948ൽ രജാക്കർമാരുടെ ഗൂഢാലോചന തകർന്നത് പോലെ, പാകിസ്ഥാൻ സ്പോൺസർ ചെയ്ത ഭീകരവാദവും അവരുടെ ഏജന്റുമാരും ഇന്ന് പരാജയപ്പെട്ടു. ഓപ്പറേഷൻ സിന്ദൂറിലൂടെ ഇന്ത്യ വീണ്ടും ഉചിതമായ മറുപടി നൽകി. ഐക്യവും സാംസ്കാരിക വൈവിധ്യവുമാണ് നമ്മുടെ ഏറ്റവും വലിയ ശക്തിയെന്ന് നാം വീണ്ടും തെളിയിച്ചുവെന്നും കേന്ദ്രമന്ത്രി കൂട്ടിച്ചേർത്തു. പരിപാടിയുടെ ഭാഗമായി, ഹൈദരാബാദിലെ സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ സംഘടിപ്പിച്ച ഹൈദരാബാദ് വിമോചന ദിന ഫോട്ടോ പ്രദർശനവും കേന്ദ്രമന്ത്രി രാജ്നാഥ് സിംഗ് സന്ദർശിച്ചു. കേന്ദ്ര സാംസ്കാരിക, ടൂറിസം മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത്, കൽക്കരിഖനി മന്ത്രി ജി.കിഷൻ റെഡ്ഡി, ആഭ്യന്തര സഹമന്ത്രി ബന്ദി സഞ്ജയ് കുമാർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

## ആസ്റ്റർ ഗാർഡിയൻസ് ഗ്ലോബൽ നഴ്സിങ് അവാർഡ് 2026
# നാമ നിർദ്ദേശങ്ങൾ സമർപ്പിക്കാം

**കൊച്ചി:** നേഴ്സിങ്ങ് മികവിനുള്ള ആസ്റ്റർ ഗാർഡിയൻസ് ഗ്ലോബൽ നഴ്സിങ്ങ് അവാർഡിന്റെ അഞ്ചാം പതിപ്പ് ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ പ്രഖ്യാപിച്ചു. 250,000 യുഎസ് ഡോളർ സമ്മാനത്തുകയോടെ, ആഗോള ആരോഗ്യ സംവിധാനങ്ങളുടെ ഭാവി രൂപപ്പെടുത്തുന്നതിൽ നേതൃത്വ ഗുണവും പുതുമയും പ്രകടമാക്കിയ നഴ്സുമാരെ ആദരിക്കുന്ന പുരസ്ക്കാര വേദിയാണ് ആസ്റ്റർ ഗാർഡിയൻസ് ഗ്ലോബൽ നഴ്സിങ്ങ് അവാർഡ്സ്. ലോകമെമ്പാടുമുള്ള രജിസ്റ്റേർഡ് നഴ്സുമാർക്ക് ഈ അവാർഡിനായി അപേക്ഷ സമർപ്പിക്കാം. രോഗീ പരിചരണം, നഴ്സിങ്ങ് രംഗത്തെ നേതൃപാഠവം, നഴ്സിങ്ങ് വിദ്യാഭ്യാസം, സോഷ്യൽ അല്ലെങ്കിൽ കമ്മ്യൂണിറ്റി സേവനം, ഗവേഷണം, നവീകരണം, ആരോഗ്യ പരിചരണ രംഗത്തെ നവീന സംരംഭകത്വം എന്നിവയിൽ അസാധാരണമായ സംഭാവനകൾ നൽകിയ രജിസ്റ്റേർഡ് നഴ്സുമാർക്ക് അപേക്ഷ നൽകാം. അപേക്ഷകൾ സമർപ്പിക്കുന്നതിനുമായി ഒരു പ്രൈമറി, രണ്ട് സെക്കൻഡറി പ്രവർത്തന മേഖലകൾ വരെ നഴ്സുമാർക്ക് തിരഞ്ഞെടുക്കാം. 2026 എഡിഷനുള്ള അപേക്ഷകൾ www.asterguardians.com വഴി വിവിധ ഭാഷകളിൽ 2025 നവംബർ 10 നകം സമർപ്പിക്കാം. അവാർഡിന്റെ കഴിഞ്ഞ പതിപ്പിൽ 199 രാജ്യങ്ങളിൽ നിന്നായി 100,000 ലധികം നഴ്സുമാരിൽ നിന്നുള്ള രജിസ്ട്രേഷനുകളാണ് ലഭിച്ചത്.

വ്യത്യസ്ത ഘട്ടങ്ങളുള്ള മൂല്യനിർണ്ണയ പ്രക്രിയ സ്വതന്ത്രമായി കൈകാര്യം ചെയ്യുന്നത് ഏണസ്റ്റ് ആൻഡ് യംഗ് എൽഎൽപി ആയിരിക്കും. കൂടാതെ പ്രശസ്തരും, അന്താരാഷ്ട്ര ആരോഗ്യ സംരക്ഷണ രംഗത്തെ വിദഗ്ധരുമായ വിശിഷ്ട ഗ്രാൻഡ് ജൂറി മൂല്ല്യ നിർണ്ണയ ഘട്ടങ്ങളുടെ മേൽനോട്ടം വഹിക്കും. കർശനമായ വിലയിരുത്തലിനൊടുവിൽ, മികച്ച 10 ഫൈനലിസ്റ്റുകളെ പ്രഖ്യാപിക്കും. തുടർന്ന് 2026 മെയ് മാസത്തിൽ അന്താരാഷ്ട്ര നേഴ്സസ് ദിനത്തിൽ നടക്കുന്ന ആഗോള അവാർഡ് ദാന ചടങ്ങിൽ അന്തിമ ജേതാവിനെ പ്രഖ്യാപിക്കും. ആരോഗ്യ സംരക്ഷണ രംഗത്തെ എന്റെ കഴിഞ്ഞ 50 വർഷത്തിലധികമുള്ള യാത്രയിൽ, ഞാൻ എപ്പോഴും തിരിച്ചറിഞ്ഞ ഒരു സത്യമുണ്ട്, ഏതൊരു ആരോഗ്യസംരക്ഷണ സംവിധാനത്തിന്റെയും ശക്തി അവിടെയുള്ള നേഴ്സുമാരുടെ കൈകളിലാണ് എന്നതാണതെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ സ്ഥാപക ചെയർമാൻ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. നേഴ്സുമാർ സമൂഹങ്ങളെ പരിവർത്തനം ചെയ്യുന്നതും, പുതുമയുള്ള സേവനങ്ങൾക്ക് നേതൃത്വം നൽകുന്നതും, ഏറ്റവും ദുർബലരായ മനുഷ്യർക്ക് കരുതലാകുന്നതും, അതിലൂടെ മനുഷ്യരാശിയിലുള്ള നമ്മുടെ വിശ്വാസം വീണ്ടെടുക്കുന്നതുമായ പ്രചോദനാത്മകമായ കഥകളാണ് ഓരോ വർഷവും ഈ പുരസ്ക്കാര വേദിയിലൂടെ നാം കേൾക്കുന്നതെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ മാനേജിങ്ങ് ഡയറക്ടറും ഗ്രൂപ്പ് സിഇഒയുമായ അലീഷ മൂപ്പൻ പറഞ്ഞു.

# മെഷീനറി എക്സ്പോ 2025: സെപ്തംബർ 20ന് തുടക്കമാകും

**കൊച്ചി:** സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് സംഘടിപ്പിക്കുന്ന 7ാമത് മെഷിനറി എക്സ്പോ ശനിയാഴ്ച്ച ആരംഭിക്കും. കാക്കനാട് കിൻഫ്ര ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിലാണ് ഈ മാസം 20 മുതൽ 23 വരെ നീണ്ടുനിൽക്കുന്ന എക്സ്പോ നടക്കുന്നത്. ശനിയാഴ്ച്ച രാവിലെ 10.30ന് നടക്കുന്ന ചടങ്ങിൽ നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് എക്സ്പോ ഉദ്ഘാടനം ചെയ്യും. ശനിയാഴ്ച്ച മുതൽ പൊതുജനങ്ങൾക്ക് എക്സപോയിലേക്ക് പ്രവേശനമുണ്ട്. രാവിലെ 10 മുതൽ വൈകുന്നേരം 6 മണി വരെയാണ് എക്പോയിലേക്ക് പ്രവേശനം. പ്രവേശനം സൗജന്യമാണ്.സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു അത്യാധുനിക സാങ്കേതികവിദ്യകൾ ഉൾപ്പെടുന്ന മെഷീനറികൾ പ്രദർശിപ്പിക്കുകയാണ് എക്സ്പോയിലൂടെ ലക്ഷ്യമിടുതെന്ന് എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി.എ നജീബ് വാർത്താസമ്മേളനത്തിൽ പറഞ്ഞു.




230 സ്റ്റാളുകളാണ് പ്രദർശനത്തിലുണ്ടാവുക. ഗുജറാത്ത്, മഹാരാഷ്ട്ര, തമിഴ്നാട്, കർണാടക, ഹരിയാന എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള മെഷിനറി നിർമ്മാതാക്കളും എക്സപോയിൽ പങ്കെടുക്കുന്നുണ്ട്. വിവിധ മേഖലകളിലായി മെഷീൻ ടൂളുകൾ, ഓട്ടോമേഷൻ സാങ്കേതികവിദ്യകൾ, സിഎൻസി മെഷീനുകൾ, എസ് പി എമ്മുകൾ, നൂതന പ്രോസസ്സിംഗ് പാക്കേജിംഗ് മെഷീനുകൾ എന്നിവയിലെ ഏറ്റവും പുതിയ സാങ്കേതികവിദ്യകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന ഈ പ്രദർശനം, തത്സമയ യന്ത്ര ഡെമോകളിലൂടെ സാങ്കേതിക വികസനങ്ങളുടെ നേരിട്ടുള്ള അനുഭവം ഒരുക്കും.സംരംഭകർക്കും സംരംഭം തുടങ്ങാനിരിക്കുന്നവർക്കും സാങ്കേതിക വാണിജ്യ ഉൾക്കാഴ്ചകളും വിശദാംശങ്ങളും നൽകുന്നതിന് പുറമെ, ബ്രാൻഡ് നിർമ്മാണത്തിനും ഉപഭോക്തൃ അടിത്തറ വളർത്തുന്നതിനും എക്സ്പോ അവസരം ഒരുക്കും.ഇന്ത്യാ ഗവൺമെന്റിന്റെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ മന്ത്രാലയത്തിന്റെ 'സംഭരണ, വിപണന പിന്തുണ' (പിഎംഎസ്) പദ്ധതിയുടെ പിന്തുണയോടു കൂടിയാണ് എക്സ്പോ സംഘടിപ്പിക്കുന്നത്. വാർത്താസമ്മേളനത്തിൽ പി.എ. നജീബിന് പുറമെ, എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം മാനേജർമാരായ അനീഷ് മാനുവൽ, വിനോദ് ജി. എന്നിവരും പങ്കെടുത്തു.



## ചങ്ങാതിക്ക് ഒരു തൈ കാമ്പയിന് തുടക്കമായി



**കൊച്ചി:** നഗരസഭ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ജനകീയ വൃക്ഷവത്കരണ കാമ്പയിൻ 'ചങ്ങാതിക്ക് ഒരു തൈ' പദ്ധതി തെരേസാസ് ഹൈസ്കൂളിൽ ആരംഭിച്ചു. കോർപ്പറേഷൻ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വിഎ ശ്രീജിത്ത് ഉദ്ഘാടനം നിർവഹിച്ചു. ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് ഡി.ബി ബിനു മുഖ്യാതിഥിയായി. സ്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ ഡാനി അധ്യക്ഷത വഹിച്ചു. ഹരിത കേരളം മിഷൻ റിസോഴ്സ് പേഴ്സൺ നിസ നിഷാദ് പദ്ധതി വിശദീകരണം നടത്തി. അധ്യാപകരായ മറിയ ജെസ്‌ലീന മാർട്ടിൻ, മേരി ഷൈബി തുടങ്ങിയവർ പങ്കെടുത്തു.

## കെൽട്രോൺ വിവിധ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ എറണാകുളം കലൂർ നോളജ് സെന്ററിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ), ഓഗ്മന്റഡ് റിയാലിറ്റി (എ ആർ), വെർച്വൽ റിയാലിറ്റി (വി ആർ), മിക്സഡ് റിയാലിറ്റി (എം ആർ)എന്നീ മേഖലകളിലെ കോഴ്സുകൾ പഠിക്കാൻ അവസരമൊരുക്കും. ഡിപ്ലോമ (ആറ് മാസം), പോസ്റ്റ് ഡിപ്ലോമ (ഒരു വർഷം), പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ (ഒരു വർഷം), എന്നീ കോഴ്സുകളിലേക്കാണ് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നത്. ഫോൺ :8075246674, 0484 2971400

## ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ അഭിമുഖം

**കൊച്ചി:** എറണാകുളം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ (ഹൈസ്കൂൾ, മലയാളം മീഡിയം) (നേരിട്ടുള്ള നിയമനം) (കാറ്റഗറി നമ്പർ:078/2024) തെരഞ്ഞെടുപ്പിനായുള്ള അഭിമുഖം സെപ്റ്റംബർ 19ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എറണാകുളം ജില്ലാ ഓഫീസിലും, 18,19 തീയതികളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തൃശൂർ ജില്ല ഓഫീസിൽ വച്ചും നടക്കും. രാവിലെ 9.30 ന് നിശ്ചയിച്ചിട്ടുള്ള അഭിമുഖത്തിന് മുന്നോടിയായുള്ള വെരിഫിക്കേഷൻ അതത് ദിവസം രാവിലെ 07.30 നും, ഉച്ചയ്ക്ക്12ന് നിശ്ചയിച്ചിട്ടുള്ള അഭിമുഖത്തിന് മുന്നോടിയായുള്ള വെരിഫിക്കേഷന് അതത് ദിവസം രാവിലെ 09.30 നും നടക്കും. അസൽ പ്രമാണങ്ങൾ, ഒടിവി സർട്ടിഫിക്കറ്റ്, അഡ്മിഷൻ ടിക്കറ്റ്, ബയോഡാറ്റ സഹിതം ഉദ്യോഗാർത്ഥികൾ കൃത്യസമയത്ത് ബന്ധപ്പെട്ട ഓഫീസിൽ നേരിട്ട് ഹാജരാകണം. വിശദ വിവരങ്ങൾ ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിൽ ലഭ്യമാണ്.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള കോതമംഗലം (അഡീഷണൽ) ഐ.സി.ഡി.എസ്. പ്രോജക്ടിലേക്ക് കവളങ്ങാട്, പല്ലാരിമംഗലം പഞ്ചായത്തുകളിലെ അങ്കണവാടികൾക്ക് പാലും കവളങ്ങാട്, പല്ലാരിമംഗലം, വാരപ്പെട്ടി പഞ്ചായത്തുകളിലെ അങ്കണവാടികൾക്ക് മുട്ടയും വിതരണം ചെയ്യുന്നതിനായി ടെൻഡർ ക്ഷണിച്ചു. ടെൻഡറുകൾ സെപ്റ്റംബർ 23 വരെ സമർപ്പിക്കാം.ഫോൺ 04852828161, 9188959728

## വിമുക്തഭടന്മാരുടെ ശ്രദ്ധയ്ക്ക്

**കൊച്ചി:** വിമുക്തഭടന്മാരുടെ മക്കൾക്ക് 2025-26 അധ്യയന വർഷത്തെ മെഡിക്കൽ ബിരുദാനന്തര ബിരുദ കോഴ്സിന് സംവരണം ചെയ്തിരിക്കുന്ന സീറ്റിലേക്ക് അപേക്ഷിക്കുന്നതിനായി ആശ്രിത സർട്ടിഫിക്കറ്റിന് അപേക്ഷിക്കാം. തിരിച്ചറിയൽ കാർഡ്, ഡിസ്ചാർജ് ബുക്ക്, ആശ്രിതർ അവിവാഹിതരും തൊഴിൽ രഹിതരുമാണ് എന്ന് തെളിയിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി/ വില്ലേജ് ഓഫീസറുടെ രേഖകൾ സഹിതം ജില്ലാ സൈനിക ഓഫീസുമായി ബന്ധപ്പെടേതാണ്. 25 വയസിനു മുകളിലുള്ള ആശ്രിതർക്കും അർഹതയുണ്ട്. ഫോൺ 0484-2422239

## കൗൺസിലർ താത്കാലിക നിയമനം

**കൊച്ചി:** ആലുവ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ കൗൺസിലർ നിയമനത്തിനായി സൈക്കോളജി/സോഷ്യൽ വർക്ക്/സോഷ്യോളജി വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും പ്രവർത്തി പരിചയവുമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

# സ്ത്രീ ക്ലീനിക്കുകൾ സ്ത്രീകൾക്കുള്ള സമർപ്പണം: മന്ത്രി വീണാ ജോർജ്



**തിരുവനന്തപുരം:** സ്ത്രീ ക്ലീനിക്കുകൾ സംസ്ഥാനത്തെ സ്ത്രീകൾക്കുള്ള സമർപ്പണമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സ്ത്രീകളുടെ ആരോഗ്യം കുടുംബത്തിന്റെ കരുത്താണ്. ശാരീരികമായ ബുദ്ധിമുട്ടുകൾ ആരും അവഗണിക്കരുത്. ജീവിതത്തിന്റെ മുൻഗണനയിൽ ആരോഗ്യവും ഉൾപ്പെടണം. 6 മാസത്തിലൊരിക്കൽ ആരോഗ്യ പരിശോധന നടത്തണം. ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ പൊതുജനാരോഗ്യ സംവിധാനത്തെ മെച്ചപ്പെടുത്തും. ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എല്ലാ ചൊവ്വാഴ്ചയും സ്ത്രീകൾക്കായി സമർപ്പിക്കുന്നു. സ്ത്രീ ക്ലിനിക്കിലൂടെ രോഗപ്രതിരോധത്തോടൊപ്പം ആരോഗ്യമുള്ള ശരീരവും മനസുമാണ് ലക്ഷ്യമിടുന്നത്.

കാൻസർ സ്ക്രീനിംഗിലും പരിശീലനം സിദ്ധിച്ചവരാണ് ഇവിടെയുള്ളത്. 5415 ജനകീയാരോഗ്യ കേന്ദ്രങ്ങളിലും 322 നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും 102 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങളിലും പരിശോധനാ സൗകര്യമുണ്ട്. സ്ത്രീസംബന്ധമായ പ്രശ്നങ്ങളും ഇവിടെ പരിഹരിക്കുന്നാവുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. തിരുവനന്തപുരം പള്ളിത്തുറ ജനകീയാരോഗ്യ കേന്ദ്രത്തിൽ സ്ത്രീ ക്ലിനിക്കുകളുടെ സംസ്ഥാന തല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ആർദ്രം മിഷനിലൂടെ 10 കാര്യങ്ങൾക്കാണ് പ്രാധാന്യം നൽകിയത്. രോഗ പ്രതിരോധവും രോഗ നിർമ്മാർജനവും അതിൽ പ്രധാനമാണ്. സ്ത്രീകൾ അവരവരുടെ ആരോഗ്യത്തിന് എത്ര പ്രാധാന്യമാണ് നൽകുന്നതെന്ന് ഓർക്കണം. കാൻസർ എന്ന് കേൾക്കുമ്പോൾ പലർക്കും ഭയമാണ്. ലക്ഷണം കാണുന്നെങ്കിലും അവഗണിക്കും. ഭയം കാരണം പലരും പരിശോധിക്കുന്നില്ല. രാജ്യത്ത് ഏറ്റവും ആയുർദൈർഘ്യമുള്ള സംസ്ഥാനം കേരളമാണ്. എത്രനാൾ ജീവിച്ചാലും ഗുണനിലവാരമുള്ള ജീവിതം നയിക്കണമെങ്കിൽ ആരോഗ്യം ഉറപ്പാക്കണം. വിളർച്ച പരിഹരിക്കുന്നതിന് വിവ കേരള പദ്ധതി നടപ്പിലാക്കി. രോഗ പ്രതിരോധം വളരെ പ്രധാനമാണ്. 30 വയസിന് മുഴുവൻ ആളുകളിലും ജീവിതശൈലീ സ്ക്രീനിംഗ് നടത്തണം. കാൻസർ സ്ക്രീനിംഗിന്റെ ഭാഗമായി 18.5 ലക്ഷത്തോളം പേരെ സ്ക്രീൻ ചെയ്തു. അതിൽ 235 പേർക്ക് സ്തനാർബുദവും 71 പേർക്ക് സെർവിക്കൽ കാൻസറും 35 പേർക്ക് വായിലെ കാൻസറും കണ്ടെത്തി.

കാൻസർ നേരത്തെ കത്തെിയാൽ ചികിത്സിച്ച് ഭേദമാക്കാം. പ്രാരംഭ ഘട്ടത്തിലാണെങ്കിൽ വളരെ കുറഞ്ഞ ചെലവിൽ ചികിത്സിക്കാനാകുമെന്നും മന്ത്രി പറഞ്ഞു. കടകംപള്ളി സുരേന്ദ്രൻ എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ എൻഎച്ച്എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ മേടയിൽ വിക്രമൻ, കൗൺസിലർ ശ്രീദേവി എ, പള്ളിത്തുറ പാരിഷ് പ്രീസ്റ്റ് ഫാ. ബിനു അലക്സ്, അഡീഷണൽ ഡയറക്ടർമാരായ ഡോ. വി മീനാക്ഷി, ഡോ. റീത്ത കെപി, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, ഡോ. ബിപിൻ ഗോപാൽ, എസ്പിഎം ഡോ. ബിജോയ്, ഡിപിഎം ഡോ. അനോജ്, നോഡൽ ഓഫീസർമാരായ ഡോ. രാഹുൽ യു. ആർ, ഡോ. മഹേഷ് എൻ, ഡോ. എബി സൂഷൻ, ഡോ. ലിപ്സി പോൾ, ഡോ. ശിൽപ ബാബു തോമസ്, കേന്ദ്ര ഒബ്സർവർ മദൻ ഗോപാൽ, ഡോ. അർനോൾഡ് ദീപക്, ഡോമി ജോൺ തുടങ്ങിയവർ പങ്കെടുത്തു.

# വല്ലാർപാടത്തമ്മയുടെ തിരുനാളിന് കൊടിയേറി



കൊച്ചി: ചരിത്ര പ്രസിദ്ധമായ വല്ലാർപാടം ബസിലിക്കയിൽ പരിശുദ്ധ വല്ലാർപാടത്തമ്മയുടെ അഞ്ഞുറ്റി ഒന്നാമത് തിരുനാളിന് വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പ് എമിരിത്തൂസ് ഡോ. ഫ്രാൻസീസ് കല്ലറക്കൽ കൊടിയേറ്റിയതോടെ തുടക്കമായി. ഒൻപത് നാളുകൾ നീണ്ടു നിൽക്കുന്ന തിരുനാൾ 24 ന് ബുധനാഴ്ച്ച സമാപിക്കും. കൊടിയേറ്റത്തേ തുടർന്നുള്ള ദിവ്യബലിക്ക് ബിഷപ്പ് ഡോ. ഫ്രാൻസീസ് കല്ലറക്കൽ മുഖ്യ കാർമ്മികത്വം വഹിച്ചു. റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളി വചനപ്രഘോഷണം നടത്തി. ഇനിയുള്ള ദിനങ്ങളിൽ വൈകീട്ട് 5.30 നുള്ള ദിവ്യബലികൾക്ക് ഫാ. തോമസ് പുളിക്കൽ, മോൺ. സെബാസ്റ്റിൻ ലൂയിസ്, ഫാ. പോൾ പഴങ്ങാട്ട്, ഫാ. ഫ്രാൻസീസ് സെവ്യാർ താന്നിക്കപറമ്പിൽ, കോട്ടപ്പുറം രൂപതാ മെത്രാൻ ഡോ. അംബ്രോസ് പുത്തൻ വീട്ടിൽ, വരാപ്പുഴ അതിരൂപതാ വികാരി ജനറൽ മോൺ. മാത്യു കല്ലിങ്കൽ, കോഴിക്കോട് അതിരൂപത മെത്രാപ്പോലീത്ത ഡോ. വർഗ്ഗീസ് ചക്കാലക്കൽ, എന്നിവർ മുഖ്യ കാർമ്മികരായിരിക്കും.

തിരുനാൾ സമാപന ദിനമായ 24 ന് ബുധനാഴ്ച്ച രാവിലെ 10 മണിക്കുള്ള പൊന്തിഫിക്കൽ ദിവ്യബലിയിൽ വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ പിതാവ് മുഖ്യ കാർമ്മികത്വം വഹിക്കും. ഫാ. ഷെൽട്ടൺ ഛരറ വചനപ്രഘോഷണം നടത്തും. ദിവ്യബലിക്ക് മുന്നോടിയായി ചേന്ദമംഗലം പാലിയം കുടുംബാംഗങ്ങൾക്ക് സ്വീകരണവും, പള്ളിവീട്ടിൽ മീനാക്ഷിയമ്മയുടെ പിൻ തലമുറക്കാർ പരമ്പരാഗതമായി ചെയ്തു വരുന്ന മോരു വിതരണവും ഉണ്ടായിരിക്കും.അന്ന് രാവിലെ 7 നും, ഉച്ചതിരിഞ്ഞ് 3 നും വൈകീട്ട് 5 നും, 6 നുമുള്ള മലയാളം ദിവ്യബലികൾക്ക് പുറമേ രാവിലെ 6 നും വൈകീട്ട് 4 നും തമിഴിലും, വൈകീട്ട് 7 ന് ഇംഗ്ലീഷിലും ദിവ്യബലികൾ ഉണ്ടായിരിക്കും.

ഒക്ടോബർ ഒന്നിന് എട്ടാമിടം. പള്ളിപ്പറമ്പിൽ ആന്റണി ഗൊൺസാൽവസാണ് ഈ വർഷത്തെ പ്രസുദേന്തി. ബസിലിക്ക റെക്ടർ ഫാ. ജെറോം ചമ്മിണിക്കോടത്ത്, സഹവികാരിമാരായ ഫാ. ആന്റണി ഷൈൻ കാട്ടുപ്പറമ്പിൽ, ഫാ. ജിബു വർഗ്ഗീസ് തൈത്തറ, ഫാ. മിക്സൺ റാഫേൽ പുത്തൻ പറമ്പിൽ എന്നിവർ തിരുനാളാഘോഷ പരിപാടികൾക്ക് നേതൃത്വം നൽകും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# വിദേശ ജോലി വാഗ്ദാനം: പരസ്യങ്ങളിൽ വഞ്ചിതരാകുന്നവരുടെ എണ്ണം വർധിക്കുന്നു : പ്രവാസി കമ്മീഷൻ

**കൊച്ചി:** വിദേശത്ത് ജോലി നൽകാമെന്ന പത്ര പരസ്യത്തിലെ വാഗ്ദാനത്തിൽ കുടുങ്ങി അപേക്ഷ നൽകിയ പെൺകുട്ടിക്കും കുടുംബത്തിനും നഷ്ടം 350 ദിർഹം. പറ്റിച്ചവരുടെ നാടോ, വിലാസമോ ഒന്നും അറിയില്ല. ഇത്തരത്തിൽ പത്ര പരസ്യങ്ങളിൽ കാണുന്ന വാഗ്ദാനങ്ങളിൽ കുടുങ്ങി, കമ്പനിയുടെ വിവരങ്ങളോ, രജിസ്ട്രേഷനോ, ഗവൺമെന്റ് അംഗീകരിച്ച രേഖകളോ പരിശോധിക്കാതെ വിദേശരാജ്യങ്ങളിലേക്ക് പോകാൻ ഒരുങ്ങുന്നവരിൽ ഭൂരിഭാഗവും വഞ്ചിതരാവുകയാണെന്ന് പ്രവാസി കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് സോഫി തോമസ് പറഞ്ഞു.

കാക്കനാട് സിവിൽ സ്റ്റേഷനിൽ നടന്ന അദാലത്തിനുശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു പ്രവാസി കമ്മീഷൻ ചെയർപേഴ്സൺ. അംഗീകാരമില്ലാത്ത ഏജൻസികളെ കുറിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകേണ്ടതുണ്ട്. ഇതിന് മാധ്യമങ്ങളും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ടെന്ന് അവർ പറഞ്ഞു.പ്രവാസി കമ്മീഷൻ അദാലത്തിൽ 49 കേസുകളാണ് പരിഗണിച്ചത്. അഞ്ച് കേസുകൾ പരിഹരിച്ചു. മറ്റു കേസുകൾ വിശദമായ അന്വേഷണത്തിനും തുടർ നടപടികൾക്കുമായി മാറ്റിവെച്ചു. 40 പുതിയ കേസുകളും ലഭിച്ചു.

എല്ലാ മാസത്തെയും രണ്ടാമത്തെ ചൊവ്വാഴ്ച്ച വിവിധ ജില്ലകളിലായി പ്രവാസി കമ്മീഷൻ അദാലത്ത് നടക്കും. അടുത്ത അദാലത്ത് ഒക്ടോബർ 14 ന് കോട്ടയം ജില്ലയിലാണ് നടക്കുക. പ്രവാസികളുടെ പ്രശ്നങ്ങൾക്ക് വേഗത്തിൽ പരിഹാരം കണ്ടെത്തുക എന്നതാണ് ഇത്തരം അദാലത്തുകൾ ലക്ഷ്യമാക്കുന്നത്. പ്രവാസികൾ ആയിരുന്നവരുടെയും പ്രവാസികളായി തുടരുന്നവരുടെയും പരാതികളാണ് പരിഗണിക്കുന്നതെന്ന് ചെയർപേഴ്സൺ പറഞ്ഞു.

# മൊബിലൈസ് ഹേർ പദ്ധതി: കൊച്ചി നഗരസഭ ശിൽപ്പശാല സംഘടിപ്പിച്ചു




**കൊച്ചി:** ഗതാഗതരംഗത്ത് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനും അതിനുള്ള പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി കൊച്ചി നഗരസഭയുടെ നേതൃത്വത്തിൽ ആരംഭിച്ച മൊബിലൈസ് ഹേർ പദ്ധതിയുടെ ഭാഗമായി കൗൺസിലർമാരുടെ നിർദ്ദേശങ്ങൾ ആരായുന്നതിനായുള്ള കോ-ക്രിയേഷൻ ശിൽപ്പശാല സംഘടിപ്പിച്ചു. എറണാകുളം അബാദ് പ്ലാസ ഹോട്ടലിൽ നടന്ന ശിൽപ്പശാല മേയർ അഡ്വ. എം. അനിൽകുമാർ ഉദ്ഘാടനം ചെയ്തു. മുൻവർഷങ്ങളെ അപേക്ഷിച്ച് സംരംഭകത്വം ഉൾപ്പെടെയുള്ള മേഖലകളിൽ സ്ത്രീകൾ ഒരുപാട് മുന്നോട്ടു വന്നിട്ടുണ്ട് എന്നും ഇനിയും നഗരത്തിലെ എല്ലാ മേഖലകളിലും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കണമെന്നും പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് മേയർ പറഞ്ഞു. സ്ത്രീകൾ ഓടിക്കുന്ന ഓട്ടോറിക്ഷകൾ നഗരത്തിൽ വർദ്ധിപ്പിക്കണം. പിങ്ക് പോലീസ് ഉൾപ്പെടെയുള്ള മേഖലകളിൽ സ്ത്രീകൾ കൂടുതലായി കടന്നുവരണം. സ്ത്രീകൾ കൂടുതൽ മുന്നോട്ടുവരണമെങ്കിൽ പേടി കൂടാതെ സുരക്ഷിതമായി അവർക്ക് യാത്ര ചെയ്യാനുള്ള സാഹചര്യം ഉണ്ടാകണം. അത്തരത്തിൽ ഉള്ള മാറ്റങ്ങൾ കൊണ്ടുവരാൻ ഈ പദ്ധതിയിലൂടെ സാധിക്കും. ഒരു നഗരം പുരോഗമനപരമായി മുന്നോട്ടുവന്നു എന്നു പറയണമെങ്കിൽ അവിടുത്തെ ഗതാഗത സംവിധാനങ്ങൾ 24 മണിക്കൂറും സുരക്ഷിതമായി ഉപയോഗിക്കാൻ സാധിക്കണമെന്നും മേയർ അഭിപ്രായപ്പെട്ടു. നഗരത്തിലെ ഗതാഗതരംഗം കൂടുതൽ സ്ത്രീ സൗഹൃദമാക്കുന്നതിനുള്ള നിരവധി നിർദ്ദേശങ്ങൾ വർക്ക്ഷോപ്പിൽ കൗൺസിലർമാർ മുന്നോട്ടുവച്ചു.വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സി എ ഷക്കീർ, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സി.ഡി വൽസലകുമാരി, മരാമത്ത് കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സീന ടീച്ചർ , വിദ്യാഭ്യാസകായിക കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വി. എ ശ്രീജിത്ത്, കൗൺസിലർ അഡ്വ. ആന്റണി കുരീത്തറ, സിഹെഡ് പ്രതിനിധികൾ, പാർട്ടിസിപ്പേറ്ററി റിസർച്ച് ഇൻ ഏഷ്യ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# സമരം ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടികളുമായി കുന്നത്തുനാട് ട്വന്റി20 ഭരണസമിതി

**കുന്നത്തുനാട് :** സർക്കാർ ഉദ്യോഗസ്ഥർ സമരം ചെയ്യുവാൻ പാടില്ല എന്ന സുപ്രീം കോടതി ഉത്തരവ് നിലനിൽക്കെ 18 നവംബർ 2024ന് കുന്നത്ത്നാട് പഞ്ചായത്തിന്റെ പ്രവർത്തനം സ്തംഭിപ്പിച്ച് പൊതുജനങ്ങളെ തടഞ്ഞ സെക്രട്ടറിക്കും മറ്റ് ഏഴ് ഉദ്യോഗസ്ഥർക്കും എതിരെ അച്ചടക്കനടപടിയുമായി ഭരണസമിതി. പഞ്ചായത്ത് സെക്രട്ടറിക്കെതിരെ ഗുരുതര ആരോപണങ്ങളാണ് ഭരണ സമിതി കണ്ടെത്തിയിരിക്കുന്നത് . സെക്രട്ടറിക്കെതിരെ സമരം ചെയ്യുക, പൊതു വിഭവങ്ങളുടെ ദുരുപയോഗം, സ്വഭാവ ദൂഷ്യം, അച്ചടക്ക രഹിത്യം , അയോഗ്യനായ പഞ്ചായത്ത് മെമ്പറുടെ അയോഗ്യത ഇലക്ഷൻ കമ്മീഷനിൽ നിന്ന് മറച്ചുവെച്ചത്, അയോഗ്യനായ മെമ്പർക്ക് പൊതുജനാവിൽ നിന്ന് പണം നൽകിയത് തുടങ്ങിയ കുറ്റങ്ങളാണ് ചുമത്തിയിരിക്കുന്നത്.

അന്നത്തെ സെക്രട്ടറിയായിരുന്ന ദീപു ദിവാകരന്റെ മൂന്നുവർഷത്തെ ഇൻക്രിമെന്റ് തടഞ്ഞും, അയോഗ്യനായ മെമ്പർക്ക് പൊതുജനാവിൽ നിന്ന് ഓണറേറിയവും സിറ്റിംഗ് ഫീസും നൽകി സർക്കാരിന് നഷ്ടം വരുത്തിയ തുകയായ 106800/ രൂപ തിരിച്ചടയ്ക്കുവാനും ആണ് ഉത്തരവ്. ദീപു ദിവാകരൻ നിലവിൽ പൂതൃക്ക പഞ്ചായത്ത് സെക്രട്ടറിയാണ്. ദീപു ദിവാകരനെ കൂടാതെ സമരത്തിൽ പങ്കെടുത്ത മറ്റ് ഏഴ് ഉദ്യോഗസ്ഥരുടെ മൂന്നുവർഷത്തെ ഇൻക്രിമെന്റ് തടഞ്ഞും ശിക്ഷ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

കുന്നത്തുനാട് അസിസ്റ്റന്റ് സെക്രട്ടറി ആരതി ബാബു, കുന്നത്തുനാട് ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് ആയി ജോലി ചെയ്യുന്ന ഷിനി സേവ്യർ, കുന്നത്തുനാട് ഗ്രാമപഞ്ചായത്തിൽ ഓഫീസ് അസിസ്റ്റന്റ് ആയി ജോലി ചെയ്യുന്ന മുഹമ്മദ് വി യു, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ ഹെഡ് ക്ലാർക്ക് ആയി ജോലി ചെയ്യുന്ന വിനു പി വി, മുടക്കുഴ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്ക് ആയി ജോലി ചെയ്യുന്ന ജിഷാമോൾ ആർ, കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്ക് ആയി ജോലി ചെയ്യുന്ന ശ്രീനാ ശ്രീധർ, ചൂർണിക്കര ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്ക് ആയി ജോലി ചെയ്യുന്ന രശ്മി പി ആർ എന്നിവർക്കെതിരെയാണ് ശിക്ഷ നടപടികൾ എടുത്തിരിക്കുന്നത്.

# ഓണാഘോഷം സംഘടിപ്പിച്ചു



**കൊച്ചി:** റോട്ടറി ക്ലബ് ഓഫ് കൊച്ചി ലോർഡ്സിന്റെ നേതൃത്വത്തിൽ ഓണാഘോഷം നടത്തി. ക്ലബ് അംഗങ്ങളും കുടുംബങ്ങളും പുറമെ എ ജി പ്രഹർഷ്. ജെ ജിജിആർ സഞ്ജീവ് കുമാർ എന്നിവരും പരിപാടിയിൽ പങ്കെടുത്തു.

# ഗിഫ്റ്റ് ഓഫ് റീഡിംഗ് വിജയികൾക്ക് സ്കോളർഷിപ്പ് കൈമാറി



റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ മിഡ് ടൗൺ കുട്ടികളിൽ വായനാശീലം വർദ്ധിപ്പിക്കൽ ലക്ഷ്യമിട്ട് എറണാകുളം എസ്ആർവി സ്കൂളിൽ നടപ്പിലാക്കുന്ന ഗിഫ്റ്റ് ഓഫ് റീഡിംഗ് സ്കോളർഷിപ്പ് പദ്ധതിയിലെ ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ യു.പി വിഭാഗം വിജയികൾക്കൊപ്പം എ. എൻ ബിജു, ടി. കെ സീമ, പ്രൊഫ.ബി.ആർ അജിത്, അഡ്വ. പി ഗോപകുമാർ, കെ.കെ ജോർജ്, ടി.ടി തോമസ്, പി.പി സജിനി, ജിൻസി ജോസഫ് എന്നിവർ.

**കൊച്ചി:** റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ മിഡ് ടൗൺ കുട്ടികളിൽ വായനാശീലം വർദ്ധിപ്പിക്കൽ ലക്ഷ്യമിട്ട് എറണാകുളം എസ്ആർവി സ്കൂളിൽ നടപ്പിലാക്കുന്ന ഗിഫ്റ്റ് ഓഫ് റീഡിംഗ് സ്കോളർഷിപ്പ് പദ്ധതിയിലെ ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ വിജയികൾക്ക് സ്കോളർഷിപ്പ് കൈമാറി. ജൂലൈ ഒന്നിനാണ് പുസ്തക വായനയിൽ മികവ് തെളിയിക്കുന്ന എൽ.പി, യുപി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗം വിദ്യാർഥികൾക്ക് എല്ലാ മാസവും സ്കോളർഷിപ്പ് നൽകുമെന്ന് എസ്ആർവിഎസ് ഫ്രണ്ട്സ് ചെയർമാനും റോട്ടറി മുൻ ഡിസ്ട്രിക്ട് പ്രസിഡന്റുമായ ആർക്കിടെക്റ്റ് പ്രൊഫ.ബി.ആർ അജിത് പ്രഖ്യാപിച്ചത്. എസ്.ആർ.വി സ്കൂൾ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച സ്കോളർഷിപ്പ് വിതരണ ചടങ്ങിൽ റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ മിഡ്ടൗൺ പ്രസിഡന്റ് അഡ്വ.പി ഗോപകുമാർ അധ്യക്ഷത വഹിച്ചു. പ്രൊഫ. ബി.ആർ അജിത് വിജയികൾക്ക് സ്കോളർഷിപ്പുകൾ കൈമാറി. എസ്ആർവി ഹൈസ്കൂൾ പ്രിൻസിപ്പാൾ എ.എൻ ബിജു, വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പാൾ ജിൻസി ജോസഫ്, ഹൈസ്കൂൾ പ്രധാന അധ്യാപിക ടി. കെ സീമ, യു.പി സ്കൂൾ പ്രധാന അധ്യാപിക പി.പി സജിനി, റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ മിഡ്ടൗൺ മുൻ പ്രസിഡന്റുമാരായ ടി.ടി തോമസ്, കെ.കെ ജോർജ് തുടങ്ങിയവർ സംസാരിച്ചു. ചടങ്ങിൽ എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗങ്ങളിലെ വിജയികൾക്ക് സ്കോളർഷിപ്പുകൾ കൈമാറി.

# പേഷ്യന്റ് സേഫ്റ്റി ഡേ: മെട്രോയിൽ സി പി ആർ ട്രെയിനിംഗ്



കൊച്ചി : ഹൃദയാഘാത മരണങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ വാട്ടർ മെട്രോയിൽ സിപിആർ ട്രെയിനിങ്ങും ഫ്ളാഷ്മോബും നടത്തി വിപിഎസ് ലേക്ഷോർ ഹോസ്പിറ്റൽ. വേൾഡ് പേഷ്യന്റ് സേഫ്റ്റി ഡേയോട് അനുബന്ധിച്ചാണ് ജനങ്ങൾക്കായി സി പി ആർ ട്രെയിനിംഗ് നൽകിയത്.

വാട്ടർ മെട്രോ കൂടാതെ, വണ്ടർലാ, മറൈൻ ഡ്രൈവ്, ഇൻഫോപാർക്ക്, കലൂർ സ്റ്റേഡിയം തുടങ്ങിയ വിവിധ സ്ഥലങ്ങളിലും സിപിആർ ട്രെയിനിംഗ് സംഘടിപ്പിച്ചു. ചോക്കിങ് മാനേജ്മെന്റ്, സ്പൈൻ ബോർഡ് മാനേജ്മെന്റ് ക്ലാസുകളും സി പി ആർ ട്രെയിനിങ്ങിനൊപ്പം നടത്തി. ബുധനാഴ്ച ഫോറം മാൾ, കലക്ട്രേറ്റ്, ലുലു മെട്രോ സ്റ്റേഷൻ, ലേക്ഷോർ ആശുപത്രി എന്നിവിടങ്ങളിൽ കൂടി ബോധവത്കരണ പരിപാടി സംഘടിപ്പിക്കും. വർദ്ധിച്ചുവരുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ജനങ്ങൾക്ക് ബോധവൽക്കരണം നൽകാൻ ജനങ്ങൾക്കിടയിൽ തന്നെ ഇറങ്ങി പ്രവർത്തിക്കേണ്ട ആവശ്യകതയുടെ ഭാഗമാണ് ഈ സംരംഭം എന്ന് ലേക്ഷോർ മാനേജിംഗ് ഡയറക്ടർ എസ് കെ അബ്ദുള്ള പറഞ്ഞു.

# നൂറുകോടി ബിസിനസ് ലക്ഷ്യവുമായി കോഡ്എയ്സ്




**കോഴിക്കോട് :** ഗവ. സൈബർപാർക്കിലെ പ്രമുഖ ഡിജിറ്റൽ മാർക്കറ്റിംഗ് സ്ഥാപനമായ കോഡ്എയ്സ് അടുത്ത മൂന്ന് വർഷത്തിനുള്ളിൽ നൂറു കോടി രൂപയുടെ ബിസിനസാണ് ലക്ഷ്യം വയ്ക്കുന്നതെന്ന് കമ്പനി സ്ഥാപകർ അറിയിച്ചു. കോഴിക്കോട് ആസ്ഥാനമാക്കി പെർഫോമൻസ് മാർക്കറ്റിംഗ്, സോഫ്റ്റ് വെയർ ഡെവലപ്മെന്റ്, ഇകൊമേഴ്സ് എന്നീ മേഖലകളിൽ ഗ്ലോബൽ ബ്രാൻഡുകൾ സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യമെന്നും സ്ഥാപകരായ ജിജിൻ മോഹൻ (സ്ഥാപകൻ, സിഇഒ), ശരത് കുമാർ (സിഒഒ), മോഹനൻ കോട്ടൂർ (ഡയറക്ടർ) എന്നിവർ പറഞ്ഞു. കമ്പനിയുടെ ഏഴാം വാർഷികം എലിവെക്സ എന്ന പേരിൽ വർണ്ണാഭമായ പരിപാടികളോടെ ആഘോഷിച്ചു.

കഴിഞ്ഞ നാല് വർഷമായി കമ്പനിയുടെ വളർച്ചയിൽ മികച്ച സംഭാവനകൾ നൽകിയ ക്രിയേറ്റീവ് പ്രൊഡക്ഷൻ ഹെഡ് രഞ്ജിത് ശങ്കറിന് ഹ്യുണ്ടായി വെന്യു കാർ സമ്മാനമായി നൽകി. ഏഴാം വാർഷികാഘോഷങ്ങൾ ലോക്സഭാംഗം എം.കെ. രാഘവൻ ഉദ്ഘാടനം ചെയ്തു. അഹമ്മദ് ദേവർകോവിൽ എം.എൽ.എ, മുൻ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ നടരാജൻ സി, ഗവൺമെന്റ് സൈബർപാർക്ക് ജനറൽ മാനേജർ വിവേക് നായർ, കാഫിറ്റ് പ്രസിഡന്റ് അബ്ദുൾ ഗഫൂർ, മീഡിയ പാനലിസ്റ്റ് നിജേഷ് അരവിന്ദ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. സിനിമാതാരങ്ങളായ റംസാൻ മുഹമ്മദ്, സാനിയ അയ്യപ്പൻ, പ്രമുഖ ഓട്ടോമോട്ടീവ് ജേണലിസ്റ്റ് ഹാനി മുസ്തഫ എന്നിവരുടെ സാന്നിധ്യവും ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി.

# ക്രെഡ് ഇൻഡസ്ഇൻഡ് ബാങ്ക് റുപേ ക്രെഡിറ്റ് കാർഡ് പുറത്തിറക്കി



**കൊച്ചി:** ക്രെഡ് ഇൻഡസ്ഇൻഡ് ബാങ്ക് റുപേ ക്രെഡിറ്റ് കാർഡ് അവതരിപ്പിച്ചു. എല്ലാ ഇകൊമേഴ്സ് ഇടപാടുകളിലും റിവാർഡുകൾ ലഭ്യമാക്കുകയും അവ വിമാന ടിക്കറ്റുകൾ, ഹോട്ടലുകൾ, നൂറുകണക്കിന് വ്യാപാരികൾ, ആയിരക്കണക്കിന് ഉൽപ്പന്നങ്ങൾ എന്നിവയ്ക്കായി ഉടനടി റിഡീം ചെയ്യാൻ സാധിക്കുന്നതുമാണ് ഈ ക്രെഡിറ്റ് കാർഡെന്ന് അധികൃതർ പറഞ്ഞു. ക്രെഡ് ഇതാദ്യമായി ഒരു ഏകീകൃത അനുഭവം അവതരിപ്പിക്കുകയാണ്. ഇതിലൂടെ ഓൺലൈൻ ഷോപ്പിംഗിന് കൂടുതൽ റിവാർഡുകളും അവ ക്രെഡ് പ്ലാറ്റ്ഫോമിൽ എളുപ്പത്തിൽ റിഡീം ചെയ്യാനുള്ള സൗകര്യവും ലഭ്യമാക്കുന്നു. പുതിയ ക്രെഡ് ഇൻഡസ്ഇൻഡ് ബാങ്ക് റുപേ ക്രെഡിറ്റ് കാർഡ് ഉപഭോക്താക്കൾക്ക് അവർക്കിഷ്ടമുള്ളിടത്ത് പണം ചെലവഴിക്കാനും പോയിൻറുകൾ നേടാനും അവ റിഡീം ചെയ്യാനും അവസരമൊരുക്കുന്നു.

# ഭാരതി സിമെന്റ് വില കുറച്ചു

**കൊച്ചി:** പ്രമുഖ സിമെന്റ് നിർമ്മാതാക്കളായ ഭാരതി സിമന്റ് വിൽപ്പന വിലയിൽ കുറവ് പ്രഖ്യാപിച്ചു. ഈമാസം ഇരുപത്തിരണ്ട് മുതൽ കുറഞ്ഞ വില സംസ്ഥാനത്തൊട്ടാകെ പ്രാബല്യത്തിലാകുമെന്ന് ഭാരതി സിമെന്റ് മാർക്കറ്റിംഗ് ഡയറക്ടർ എം. രവീന്ദർ റെഡ്ഡി അറിയിച്ചു. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ജി.എസ്.ടി ഇളവ് ഉടൻ തന്നെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമാണിതെന്നും അദ്ദേഹം പറഞ്ഞു. സിമെന്റിന്റെ ജി.എസ്.ടി 28 ശതമാനത്തിൽ നിന്നും 18 ശതമാനമായാണ് ജി.എസ്.ടി കൗൺസിൽ കുറച്ചത്.

# സൈബർ ഫ്രോഡ് ഡിറ്റെക്ഷൻ സൊല്യൂഷൻ തട്ടിപ്പുകൾ എയർടെൽ കുറച്ചുവെന്ന്

**കൊച്ചി:** സൈബർ തട്ടിപ്പുകൾക്കെതിരെയുള്ള ഭാരതി എയർടെല്ലിന്റെ പദ്ധതികളിലൂടെ സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവ്. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെന്റർ അടുത്തിടെ പുറത്തുവിട്ട വിവരങ്ങൾ ഇത് വ്യക്തമാക്കുന്നു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ റിപ്പോർട്ടുകൾ പ്രകാരം, എയർടെൽ നെറ്റ്വർക്കിലെ സാമ്പത്തിക നഷ്ടങ്ങളുടെ മൂല്യം 68.7% വും, സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ 14.3% ത്തിന്റേയും കുറവുണ്ടായി. ഇത് എയർടെലിന്റെ സൈബർ ഫ്രോഡ് ഡിറ്റക്ഷൻ സംവിധാനത്തിന്റെ കാര്യക്ഷമതയേയും, ഉപഭോക്താക്കൾക്ക് സുരക്ഷിതമായ നെറ്റ്വർക്ക് ഉറപ്പാക്കുന്നതിനേയും സാധൂകരിക്കുന്നു.

എയർടെൽ ഫ്രോഡ്, സ്പാം ഡിറ്റക്ഷൻ സൊല്യൂഷൻ അവതരിപ്പിക്കുന്നതിന് മുമ്പുള്ള 2024 സെപ്തംബറിലെ സൈബർ കുറ്റകൃത്യങ്ങളുടെ പ്രധാന സൂചകങ്ങളെ 2025 ജൂണിലേതുമായി താരതമ്യപ്പെടുത്തിയുള്ള വിവരങ്ങളാണ് പുറത്തുവന്നിരിക്കുന്നത്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ, എഐ അധിഷ്ഠിത നെറ്റ്വർക്ക് സൊലൂഷനുകൾ 48.3 ബില്ല്യൺ സ്പാം കോളുകളെ തിരിച്ചറിയുകയും 3.2 ലക്ഷം തട്ടിപ്പ് ലിങ്കുകൾ ബ്ലോക്ക് ചെയ്യുകയും ചെയ്തുവെന്ന് ഭാരതി എയർടെല്ലിന്റെ വൈസ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഗോപാൽ വിത്തൽ പറഞ്ഞു. 2024 സെപ്തംബറിലാണ് എയർടെൽ ഇന്ത്യയിലെ ആദ്യ നെറ്റ്വർക്ക് അധിഷ്ഠിത എഐ കരുത്തോടുകൂടിയ സ്പാം ഡിറ്റക്ഷൻ ഫീച്ചർ അവതരിപ്പിക്കുന്നത്. സ്പാം കോളുകളും എസ്എംഎസുകളും തത്സമയം തിരിച്ചറിയുവാൻ ഈ ഫീച്ചറിലൂടെ ഉപഭോക്താക്കൾക്ക് സാധിക്കും. ഇതിന്റെ തുടർച്ചയായി 2025 മെയ് മാസത്തിൽ തങ്ങളുടെ നെറ്റ്വർക്കിലൂടെയുള്ള എല്ലാ കമ്യൂണിക്കേഷനുകളിലുമുള്ള വ്യാജ ലിങ്കുകളെ തത്സമയം തിരിച്ചറിയുവാനും ബ്ലോക്ക് ചെയ്യുവാനും സാധിക്കുന്ന ഫീച്ചർ പുറത്തിറക്കി. ലോകത്ത് ആദ്യമായാണ് ഇത്തരമൊരു ഫീച്ചർ അവതരിപ്പിക്കപ്പെടുന്നത്. എല്ലാ എയർടെൽ മൊബൈൽ, ബ്രോഡ്ബാൻഡ് ഉപഭോക്താക്കൾക്കും ഈ ഫീച്ചർ ഓട്ടോ ഇനാബിളായിത്തന്നെ ലഭ്യമാണ്.

# നോർത്ത് അമേരിക്കൻ ടീ കോമ്പറ്റീഷൻ: ഹാരിസൺസ് മലയാളം ലിമിറ്റഡിന് സ്വർണ മെഡൽ

**കൊച്ചി:** അമേരിക്കയിലെ ചാൾസ്റ്റണിൽ നടന്ന 14ാമത് നോർത്ത് അമേരിക്കൻ ടീ കോൺഫറൻസിൽ ടീ ആൻഡ് സസ്റ്റൈനബിലിറ്റി അവാർഡ്സ് വിഭാഗത്തിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ് 2025ലെ സ്വർണ മെഡൽ കരസ്ഥമാക്കി. ആർപിജി ഗ്രൂപ്പിന്റെ ഭാഗമായ ഹാരിസൺസ് മലയാളത്തിന്റെ വയനാട് അറപ്പെട്ട എസ്റ്റേറ്റിൽ നിന്നുള്ള തേയിലയാണ് സ്വർണ മെഡലിനായി തിരഞ്ഞെടുത്തത്. വ്യത്യസ്ഥ ഉറവിടങ്ങളിൽ നിന്നുള്ള പ്രത്യേക തേയിലകൾ എന്ന വിഭാഗത്തിലാണ് ഈ പുരസ്കാരം. കേരളത്തിലും തമിഴ്നാട്ടിലുമായി 24 തേയില തോട്ടങ്ങളാണ് എച്ച്എംഎല്ലിനുള്ളത്. അതുല്യമായ ഗുണമേന്മ, സ്ഥിരത, സുസ്ഥിരമായ കാർഷിക രീതികളോടുള്ള പ്രതിബദ്ധത തുടങ്ങിയവ അടിസ്ഥാനമാക്കിയാണ് വിജയിയെ തിരഞ്ഞെടുത്തത്.

ഇന്ത്യയിൽ നിന്നുള്ള 31 സാമ്പിളുകൾ അടക്കം നിരവധി രാജ്യങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളാണ് മത്സരത്തിനുണ്ടായത്. യുഎസ്എ ടീ അസോസിയേഷനും കാനഡ ടീ ആൻഡ് ഹെർബൽ അസോസിയേഷനും ചേർന്നാണ് മത്സരം സംഘടിപ്പിച്ചത്. ലോകോത്തര നിലവാരത്തിലുള്ള തേയിലകൾ സുസ്ഥിരമായ രീതിയിൽ നിർമ്മിക്കുന്ന തങ്ങളുടെ കഴിവിനുള്ള അംഗീകാരമാണ് ഈ പുരസ്കാരമെന്ന് എച്ച്.എം.എൽ സിഇഒയും ഡയറക്ടറുമായ ചെറിയാൻ എം. ജോർജ് പറഞ്ഞു. വ്യത്യസ്ത



രുചിയും സവിശേഷതയുമുള്ള തേയിലകൾ പരിസ്ഥിതി സൗഹൃദ കൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്നതിലുള്ള കമ്പനിയുടെ പ്രതിബദ്ധതയെയാണ് ഇത് തെളിയിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

14 രാജ്യങ്ങളിലേക്ക് കയറ്റുമതി നടത്തുന്ന തെക്കേ ഇന്ത്യയിലെ ഏറ്റവും വലിയ ഉൽപ്പാദകരും കയറ്റുമതിക്കാരുമായ എച്ച്എംഎൽ നേരത്തെ ദി ഗോൾഡൻ ലീഫ് ഇന്ത്യ അവാർഡ്സ്, ഗ്രേറ്റ് പ്ലേസ് ടു വർക്ക് തുടങ്ങിയ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. കേരളത്തിലെ എറ്റവും വലിയ സ്വകാര്യ കമ്പനികളിലൊന്നായ എച്ച്എംഎല്ലിലെ 60 ശതമാനം ജീവനക്കാരും വനിതകളാണ്. റെയിൻഫോറസ്റ്റ് അലയൻസ്, ഐഎസ്ഒ, ട്രസ്റ്റ്ടീ, എഥിക്കൽ ടീ പാർട്ണർഷിപ്പ് തുടങ്ങിയ സർട്ടിഫിക്കേഷനുകളുള്ള ഉൽപ്പന്നങ്ങളാണ് എച്ച്എംഎൽ വിതരണം ചെയ്യുന്നത്.

# വെഡിങ് ക്രിയേറ്റർമാർക്ക് ആദരവുമായി സോണി ഇന്ത്യ

**കൊച്ചി:** വിവാഹ വീഡിയോഗ്രാഫർമാരെയും ഫോട്ടോഗ്രാഫർമാരെയും ആദരിക്കാൻ 'അബ് കുച്ച് സിനിമാറ്റിക് കർത്തേ ഹേ' എന്ന പേരിൽ പുതിയ ക്യാമ്പയിൻ ഫിലിം പുറത്തിറക്കി സോണി ഇന്ത്യ. ഇന്ത്യൻ വിവാഹങ്ങളിൽ നിശബ്ദമായി പ്രവർത്തിക്കുന്ന, തലമുറകളായി ഇന്ത്യയിലെ സ്നേഹബന്ധങ്ങളുടെ കഥകൾ പകർത്തിക്കൊണ്ടിരിക്കുന്ന പ്രാദേശിക ഫോട്ടോ, വീഡിയോ സ്റ്റുഡിയോകൾക്ക് ഒരു ആദരവെന്ന നിലയിലാണ് ഈ ചിത്രം അവതരിപ്പിച്ചിരിക്കുന്നത്. പതിറ്റാണ്ടുകളായി ഇന്ത്യയിലെ ചെറു പട്ടണങ്ങളിലെ വിവാഹ വീഡിയോ ചിത്രീകരണം ഒരേ ആളുകളിലൂടെയാണ് കടന്നുപോയത്, പിന്നീട് അത് തലമുറകളിലേക്കും കൈമാറി.

പലപ്പോഴും പഴയ ക്യാമറകൾ ഉപയോഗിച്ചാണ് ഒരു കുടുംബത്തിന്റെ അമൂല്യ നിമിഷങ്ങൾ പകർത്തിപ്പോരുന്നത്. എന്നാൽ ലോകം മാറുന്നതിനോടൊപ്പം വിവാഹങ്ങളും അതോടൊപ്പം ക്യാമറകളും മാറേണ്ടതുണ്ടെന്ന സന്ദേശമാണ് സോണി ഈ ക്യാമ്പയിൻ ഫിലിമിലൂടെ നൽകുന്നതെന്ന് സോണി ഇന്ത്യയുടെ ഇമേജിംഗ് ബിസിനസ് മേധാവി മുകേഷ് ശ്രീവാസ്തവ പറഞ്ഞു. ഏകദേശം 6 മിനിറ്റ് ദൈർഘ്യമുള്ള ഈ ക്യാമ്പയിൻ ഫിലിം ഹിന്ദി, മലയാളം, തെലുഗ്, തമിഴ്, കന്നഡ എന്നീ ഭാഷകളിലാണ് നിർമിച്ചിരിക്കുന്നത്. സോണി ഇന്ത്യയുടെ യൂട്യൂബ് ചാനലിലും സോണി ആൽഫാ കമ്മ്യൂണിറ്റി പേജിലും ഫിലിം കാണാം. സോണിയുടെ സിനിമാ ലൈനിലെ പ്രാരംഭ മോഡലായ എഫ്എക്സ്30, വലിയ ചെലവില്ലാതെ സിനിമാ നിലവാരത്തിൽ തന്നെ വീഡിയോ ചിത്രീകരണം സാധ്യമാക്കുന്ന ഒരു മികച്ച ക്യാമറയാണ്. ഒതുക്കമുള്ള ഡിസൈനിൽ പ്രൊഫഷണൽ ഫീച്ചറുകളുമായി വരുന്ന എഫ്എക്സ്30 ക്യാമറ ഓരോ പ്രാദേശിക സ്റ്റുഡിയോയിലേക്കും, ക്രിയേറ്റർമാരുടെകൈകളിലേക്കും സിനിമയുടെ മാജിക് ആണ് കൊണ്ടുവരുന്നത്.

സോണിയുടെ എല്ലാ മോഡൽ ക്യാമറകളും ലെൻസുകളും സോണി അംഗീകൃത റീട്ടെയിൽ ഔട്ട്ലെറ്റുകൾ, സോണി ക്യാമറ ലോഞ്ച്, ആൽഫ ഫ്ളാഗ്ഷിപ്പ് സ്റ്റോറുകൾ, സോണി സെന്ററുകൾ, www.ShopatSC.com പോർട്ടൽ, പ്രധാനപ്പെട്ട ഇലക്ട്രോണിക് സ്റ്റോറുകൾ, ഇകൊമേഴ്സ് വെബ്സൈറ്റുകൾ (ആമസോൺ, ഫ്ളിപ്കാർട്ട്) എന്നിവിടങ്ങളിൽ ലഭ്യമാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# നിക്ഷേപകരെ സ്വീകരിക്കുമ്പോൾ മാനദണ്ഡങ്ങൾ പരിഗണിക്കണം




**കൊച്ചി:** ബിസിനസിലേക്ക് പുതിയ നിക്ഷേപകരെ സ്വീകരിക്കുമ്പോൾ വ്യത്യസ്ത മാനദണ്ഡങ്ങൾ പരിഗണിക്കുകയും നേരത്തെ സ്ഥാപനവുമായി ബന്ധപ്പെട്ട് ലഭ്യമല്ലാതിരുന്ന നേട്ടങ്ങൾ ഉണ്ടോ എന്നു വിലയിരുത്തുകയും വേണമെന്ന് ചാർട്ടേർഡ് ഫിനാൻഷ്യൽ അനലിസ്റ്റും ചാർട്ടേഡ് അക്കൗണ്ടന്റുമായ ശേഷാദ്രിനാഥൻ കൃഷ്ണൻ പറഞ്ഞു.

കേരള മാനേജ്മെന്റ് അസോസിയേഷൻ യംഗ് മൈന്റ്സ് സംഘടിപ്പിച്ച പരിപാടിയിൽ 'നിങ്ങളുടെ ബിസിനസ് ചക്രവാളങ്ങൾ വികസിപ്പിക്കുക' എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നല്ല കാലത്തു മാത്രമല്ല മോശം കാലത്തും സഹനിക്ഷേപകൻ കൂടെയുണ്ടാവുകയും നമുക്കില്ലാത്ത മികവുകൾ അദ്ദേഹത്തെ കൊണ്ട് പൂരിപ്പിക്കാനാവുകയും വേണം. അതിനെല്ലാമപ്പുറം നമ്മുടെ വ്യക്തിത്വം മികവുറ്റതാക്കുകയും വേണമെന്നും അദ്ദേഹം പറഞ്ഞു.

കെ എം എ യംഗ് മൈന്റ്സ് ചെയർ നിവേദിത് ജോൺ ശേഷാദ്രിനാഥൻ കൃഷ്ണനെ പരിചയപ്പെടുത്തി. കെ എം എ മുൻ പ്രസിഡന്റും യംഗ് മൈന്റ്സ് ഉപദേശകനുമായ ബിബു പുന്നൂരാൻ സ്വാഗതവും യംഗ് മൈന്റ്സ് സെക്രട്ടറി അനൂപ് തോമസ് നന്ദിയും പറഞ്ഞു.

# യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് കീർത്തി പുരസ്കാരം



**മുംബൈ :** ഇന്ത്യാ ഗവൺമെന്റിന്റെ ആഭ്യന്തര മന്ത്രാലയം നൽകുന്ന 2024-25 സാമ്പത്തിക വർഷത്തേക്കുള്ള കീർത്തി പുരസ്കാരം യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയ്ക്ക്. ഔദ്യോഗിക ഭാഷ നടപ്പാക്കൽ, മികച്ച ഹൗസ് മാഗസിൻ യൂണിയൻ ശ്രീജൻ എന്നീ രണ്ട് വിഭാഗങ്ങളിലായാണ് ബാങ്ക് അഭിമാനകരമായ ഈ അവാർഡ് നേടിയത്. ഹൗസ് മാഗസിൻ വിഭാഗത്തിലെ ഒന്നാം സമ്മാനത്തിനുള്ള കീർത്തി പുരസ്കാരം കേന്ദ്ര ആഭ്യന്തരസഹകരണ മന്ത്രി അമിത് ഷാ ബാങ്കിന് സമ്മാനിച്ചു. ഗുജറാത്തിലെ ഗാന്ധിനഗറിൽ നടന്ന അഞ്ചാമത് അഖിലേന്ത്യാ ഔദ്യോഗിക ഭാഷാ സമ്മേളനത്തിൽ ബാങ്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ നിതേഷ് രഞ്ജൻ അവാർഡ് ഏറ്റുവാങ്ങി. 2024-25 വർഷത്തിൽ മികച്ച ഔദ്യോഗിക ഭാഷാ നിർവ്വഹണത്തിനുള്ള കീർത്തി പുരസ്കാരം കേന്ദ്ര നിയമനീതി സഹമന്ത്രി അർജുൻ റാം മേഘ്വാളും രാജ്യസഭാ അംഗം ദിനേശ് ശർമ്മയും ചേർന്ന് സമ്മാനിച്ചു. ബാങ്കിന്റെ ഹ്യൂമൻ റിസോഴ്സസ് ചീഫ് ജനറൽ മാനേജർ സുരേഷ് ചന്ദ്ര തേലി അവാർഡ് ഏറ്റുവാങ്ങി.

ഹിന്ദി ഭാഷ ഫലപ്രദമായി നടപ്പിലാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി മന്ത്രാലയങ്ങൾ, വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ, കോർപ്പറേഷനുകൾ, ജേണലുകൾ എന്നിവയ്ക്ക് ഇന്ത്യാ ഗവൺമെന്റിന്റെ ആഭ്യന്തര മന്ത്രാലയം നൽകുന്ന ഏറ്റവും ഉയർന്ന അവാർഡാണ് രാജ്ഭാഷ കീർത്തി പുരസ്കാരം.

പരിപാടിയിൽ, @2047 വികസിത ഇന്ത്യ എന്ന ആശയത്തിൽ ബാങ്ക് പ്രസിദ്ധീകരിച്ച യൂണിയൻ ഭാഷാ വൈഭവ് എന്ന പുസ്തകവും @2047 വികസിത ഇന്ത്യ എന്ന ആശയത്തിൽ ബാങ്കുകളുടെ പങ്കും വിശിഷ്ടാതിഥികൾ പുറത്തിറക്കി.അഖിലേന്ത്യാ ഔദ്യോഗിക ഭാഷാ സമ്മേളനത്തിന്റെ രണ്ടാം ദിവസം, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ 12 പൊതുമേഖലാ ബാങ്കുകളുമായും സഹകരിച്ച് തയ്യാറാക്കിയ ഒരു പ്രാർത്ഥനാഗാനവും അവതരിപ്പിച്ചു. കൂടാതെ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ കൺവീനർഷിപ്പിൽ പ്രവർത്തിക്കുന്ന 11 ടൗൺ ഒഫീഷ്യൽ ലാംഗ്വേജ് ഇംപ്ലിമെന്റേഷൻ കമ്മിറ്റികളെ (ടിഒഎൽഐസി) ഔദ്യോഗിക ഭാഷാ വകുപ്പ് മികച്ച പ്രകടനത്തിന് ആദരിച്ചു.

# ആവേശമായി പ്രോ ബോക്സിങ് മത്സരം



ടൈറ്റിൽ ബോക്സിംഗ് ക്ലബ് സംഘടിപ്പിച്ച 'ടൈറ്റിൽ പ്രോ ബോക്സിങ് സീരീസ് വണ്ണിൽ' ഹരിയാനയിൽ നിന്നുള്ള ബോക്സർമാരായ അക്ഷയ് ചെഹൽ, രോഹിത് കുമാർ എന്നിവരുടെ മത്സരം സമനിലയിലായതായി പ്രഖ്യാപിക്കുന്നു. ഇന്ത്യൻ ബോക്സിങ് കൗൺസിൽ സി.ഒ.ഒ വിവേക് രാജ, ഡബ്ല്യു.ബി.സി.ബി.സി കെയർ വേൾഡ് ചാമ്പ്യൻ കെ. എസ് വിനോദ്,കേരള പ്രോ ബോക്സിങ് അംബാസിഡർ അഡ്വ.കെ.വി.സാബു തുടങ്ങിയവർ സമീപം.

**കൊച്ചി :** കടവന്ത്രയിലെ ടൈറ്റിൽ ബോക്സിംഗ് ക്ലബ് സംഘടിപ്പിച്ച 'ടൈറ്റിൽ പ്രോ ബോക്സിങ് സീരീസ് വൺ' മത്സരം കാണികൾക്ക് ആവേശമായി. ഇന്ത്യയൊട്ടാകെ ആരാധകരുള്ള അക്ഷയ് ചെഹൽ- രോഹിത് കുമാർ മത്സരം സമനിലയിൽ സമാപിച്ചു. ഇരുവരുടെയും ഏറ്റുമുട്ടൽ ആരാധകർക്കിടയിൽ ട്രെൻഡിങ് ആണ്. കേരള ബോക്സിങ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ചാംപ്യൻഷിപ്പിൽ ആകെ 8 ബൗട്ടുകളാണ് (മത്സരങ്ങൾ) നടന്നത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 16 മത്സരാർഥികൾ പങ്കെടുത്തു നാഷനൽ കമ്മിഷൻ ഫോർ പ്രൊഫണൽ ബോക്സ്സിങ്ങിന്റെ അഫിലിയേഷനോടെയാണ് മത്സരങ്ങൾ നടത്തിയത് അതിനാൽ തന്നെ പങ്കെടുത്ത മത്സരാർഥികൾക്ക് റെക്കോർഡുകൾ ഇടാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള ബോക്സർമാർക്ക് വിദേശത്തുൾപ്പെടെ കൂടുതൽ അവസരങ്ങൾ ലഭിക്കുന്നതിനാണ് മത്സരങ്ങൾ നടത്തിയതെന്ന് ഡബ്ല്യു.ബി.സി കെയർ വേൾഡ് ചാമ്പ്യനും ടൈറ്റിൽ ബോക്സിങ് ക്ലബ് ഉടമയുമായ കെ. എസ് വിനോദ് പറഞ്ഞു. വനിതകളുടെ ലൈറ്റ് ഫ്ളൈ വെയ്റ്റ് കാറ്റഗറിയിൽ എം.ജി ലക്ഷ്മി ദേവനന്ദയെ പരാജയപ്പെടുത്തി. പി.ജി വിഷ്ണു സൂപ്പർ ലൈറ്റ് വെയ്റ്റ് കാറ്റഗറിയിൽ വിജയിയായി. ഇമ്മാനുവൽ ബോബൻ വെൽറ്റർ വെയ്റ്റിലും, നിതിൻ സൂപ്പർ ബാൻഡം വെയ്റ്റ് കാറ്റഗറിയിലും എൻ.എസ് സൂരജും, എൻ.വി.വിമലും ലൈറ്റ് വെയ്റ്റ് കാറ്റഗറിയലും ജേതാക്കളായി. റയാൻ ടോം ടിമി ക്രൂസർ വെയ്റ്റ് കാറ്റഗറിയിലും വിജയിച്ചു. ഇന്ത്യൻ ബോക്സിങ് കൗൺസിൽ സി.ഒ.ഒ വിവേക് രാജയാണ് മത്സരങ്ങൾ നിയന്ത്രിച്ചത്. കേരള പ്രോ ബോക്സിങ് അംബാസിഡർ അഡ്വ.കെ.വി സാബു വിജയികൾക്ക് ഉപഹാരം നൽകി.

